"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾ, ദേശീയ ഉദ്യാനങ്ങൾ തുടങ്ങിയ സംരക്ഷിത പ്രദേശങ്ങളുടെ ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ (ESZ) സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി(ഡി) വകുപ്പ്

സ.ഉ.(കൈ) നം.44/2022/F&WLD   തീയതി, തിരുവനന്തപുരം, 10-08-2022

---

പരാമർശം:-

1. 2011-ലെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ
2. 31.10.2019-ലെ സ.ഉ(കൈ) 29/2019/വനം നമ്പർ ഉത്തരവ്
3. ബഹു. വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന 28/09/2020- ലെ യോഗം
4. ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ I.A.1000/2003 നമ്പർ (WP(C) 202/95) കേസിലെ വിധി
5. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 29.06.2022-ലെ എഫ് നം. 11/20/2018-ESZ നമ്പർ കത്ത്

**ഉത്തരവ്**

സംരക്ഷിത പ്രദേശങ്ങളുടെ അതിർത്തികളോട് ചേർന്ന് കിടക്കുന്ന, സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള, പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ പ്രദേശങ്ങളിൽ ആവശ്യമെങ്കിൽ ജനവാസ മേഖലകളെ കൂടെ ഉൾപ്പെടുത്തി ഇക്കോ സെൻസിറ്റീവ് സോൺ ആയി കരട് വിജ്ഞാപനങ്ങൾ തയ്യാറാക്കുന്നതിന് സൂചന രണ്ട് പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

സൂചന 2 ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ തയ്യാറാക്കി സമർപ്പിച്ച കരട് ഇക്കോ സെൻസിറ്റീവ് നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തപ്പോൾ ജനവാസ മേഖലകൾ ഒഴിവാക്കണമെന്ന് അഭിപ്രായങ്ങളും ആക്ഷേപങ്ങളും ഉയർന്നു. തുടർന്ന്, 28/09/2020-ൽ ബഹു. വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സൂചന-3 പ്രകാരം യോഗം ചേരുകയും കേരളത്തിലെ 23 ദേശീയോദ്യാന / വന്യജീവി സങ്കേതങ്ങളുടെ ചുറ്റുമുള്ള പൂജ്യം മുതൽ ഒരു കി.മീ ദൂരത്തിൽ ഇക്കോ സെൻസിറ്റീവ് സോൺ ആയി പ്രഖ്യാപിക്കുമ്പോൾ പ്രസ്തുത പ്രദേശത്ത് വരുന്ന ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ/പൊതു സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങൾ ഒഴിവാക്കണമെന്നും അപ്രകാരം കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര വനം

പരിസ്ഥിതി മന്ത്രാലയത്തിലേക്ക് അയച്ചുകൊടുക്കണമെന്നും തീരുമാനിച്ചു. തുടർന്ന് കരട് വിജ്ഞാപനത്തിനെതിരെയുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ച ശേഷമുള്ള ഇക്കോ സെൻസിറ്റീവ് സോൺ നിർദേശങ്ങൾ തയ്യാറാക്കി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തു. അതിൻ പ്രകാരം, ജനവാസമേഖലകളും സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ എന്നിവ ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി, 05.10.2020 മുതൽ 07.04.2022 വരെയുള്ള വിവിധ കത്തുകളിലൂടെ സംസ്ഥാന സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങളാണ് ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ പരിഗണനയിൽ ഉണ്ടായിരുന്നത്.

അപ്രകാരം ഭേദഗതി ചെയ്ത കേരള സംസ്ഥാനത്തിന്റെ കരട് നിർദ്ദേശങ്ങൾ കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലിരിക്കെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ സൂചന 4 ഉത്തരവ് പ്രകാരം ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും നിശ്ചയിക്കപ്പെട്ട അതിരിൽ നിന്നും ഒരു കിലോ മീറ്റർ ദൂരം ഇക്കോ സെൻസിറ്റീവ് സോൺ ഉണ്ടാകണമെന്നും പ്രസ്തുത മേഖലയിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള 09.02.2011-ലെ ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച സൂചന 1-ലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. മേൽ പ്രകാരമുള്ള സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോ മീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങളെ ഇക്കോ സെൻസിറ്റീവ് സോൺ ആയി നിശ്ചയിച്ച് പുനർസമർപ്പിക്കണമെന്ന നിർദ്ദേശിച്ചുകൊണ്ട് 29.06.2022-ലെ സൂചന 5 കത്ത് പ്രകാരം കേരളം സമർപ്പിച്ചിരുന്ന കരട് നിർദ്ദേശങ്ങൾ കേന്ദ്രം മടക്കി അയക്കുകയുണ്ടായി.

ജനവാസ മേഖലകൾ പൂർണ്ണമായും, കൂടാതെ കൃഷിയിടങ്ങളും സർക്കാർ/അർദ്ധ സർക്കാർ/പൊതുസ്ഥാപനങ്ങളും ഒഴിവാക്കിക്കൊണ്ട് കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ച ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച കരട് ഭേദഗതി നിർദ്ദേശങ്ങൾ അതേ നിലയിൽ അംഗീകരിക്കപ്പെടുന്നതിന് നടപടി എടുക്കേണ്ടതുണ്ട്. ആയതിലേക്ക് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 03.06.2022-ലെ ഉത്തരവിന്മേൽ പുനഃ പരിശോധന ഹർജി സമർപ്പിക്കുന്നത് അടക്കമുള്ള യുക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വന്യജീവി വകുപ്പിനെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനിക്കേണ്ടതുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ 23 വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ചുറ്റുപാടും ഉള്ള ജനവാസമേഖലകൾ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൻമേൽ ലഭിച്ച ആക്ഷേപങ്ങൾ പരിഗണിച്ചശേഷം ജനവാസ മേഖലകൾ പൂർണ്ണമായും, കൂടാതെ കൃഷിയിടങ്ങളും സർക്കാർ /അർദ്ധ സർക്കാർ/പൊതുസ്ഥാപനങ്ങളും ഒഴിവാക്കിക്കൊണ്ട് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി പരിസ്ഥിതി സംവേദക മേഖല (ESZ) നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ച വകുപ്പിന്റെ നടപടികൾ പൊതുതാൽപര്യം മുൻനിർത്തി അംഗീകരിക്കുന്നു.

മേൽ പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര

സർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി ചെയ്ത നിർദ്ദേശങ്ങൾ അതേ നിലയിൽ അംഗീകരിച്ചു കിട്ടുന്നതിനും കൂടാതെ, ESZ നിശ്ചയിക്കുന്നതിൽ നിന്നും ജനവാസ മേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03.06.2022-ലെ ഉത്തരവിന്മേൽ, ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നത് ഉൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിനായി വകുപ്പിനെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

സൂചന രണ്ട് ഉത്തരവിനെ തുടർന്ന് സൂചന മൂന്ന് യോഗത്തിന്റെ തീരുമാനങ്ങളുടെ തുടർച്ചയായി മേൽ പ്രസ്താവിച്ച പ്രകാരം അന്തിമ വിജ്ഞാപനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചത് ഉൾപ്പെടെയുള്ള വകുപ്പിന്റെ ഈ വിഷയത്തിലെ എല്ലാ നടപടികളും ഇതിനാൽ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറെസ്റ്റ് ഫോഴ്സ് , തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 957)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Anjaly Devi A G**
**Date: 10-08-2022 14:14:59**
സെക്ഷൻ ഓഫീസർ

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്